**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 769 28/02/2018-ലെ മറുപടി

**ഒതുക്കങ്ങൽ പൊന്മള കുടിവെള്ള പദ്ധതി**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഒതുക്കങ്ങൽ പൊന്മള കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ ; | (എ) | ഒതുക്കങ്ങൽ പൊന്മള കുടിവെള്ള പദ്ധതിയുടെ കിണർ, പമ്പ്ഹൗസ്, ശുദ്ധീകരണ ശാല, ജലസംഭരണികൾ എന്നിവയുടെ പ്രവൃത്തി പൂർത്തീകരിക്കാറായി. പൈപ്പ് ലൈൻ പ്രവൃത്തിയിൽ 118.58 കി.മീറ്ററിൽ 99 കി.മീ. പൂർത്തീകരിച്ചു. ബാക്കിയുള്ള പൈപ്പ് ലൈൻ പ്രവർത്തികൾ നടന്നു വരുന്നു. ഇതിൽ 8.99 കി.മീറ്റർ പൊതുമരാമത്തു വകുപ്പിൽ നിന്നും റോഡ് കട്ടിംഗിന് അനുമതി ലഭിക്കാനുണ്ട്. പമ്പുസെറ്റുകളും ട്രാൻസ്ഫോർമറും സ്ഥാപിക്കാനുള്ള പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികൾ വളരെ പതുക്കെയാണ് പുരോഗമിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വിശദമാക്കാമോ ; | (ബി) | ഉണ്ട്; പ്രവൃത്തിയുടെ ആദ്യ ഘട്ടത്തിൽ ടാങ്കിന്റെ സ്ഥലം സംബന്ധിച്ചും പഞ്ചായത്തു റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും തടസ്സം നേരിട്ടിരുന്നു. |
| (സി) ഈ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ? | (സി) | ബാക്കിയുള്ള പൈപ്പ് ലൈൻ പ്രവൃത്തികളും ട്രാൻസ്ഫോർമർ പമ്പ്സെറ്റ് എന്നിവ സ്ഥാപിക്കലും ധ്രുതഗതിയിൽ നടന്നു വരുന്നു. റോഡു കട്ടിംഗ് അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ തുടർ പ്രവർത്തികൾ നടത്തുന്നതാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ